(ഡി) നിലവിൽ പുതുതായി നിരത്തിലിറക്കുന്ന എല്ലാ ബസ്സുകളും ഇൻഷ്വർ ചെയ്തു വരികയാണ്. സാമ്പത്തിക പ്രതിസന്ധിമൂലം നിലവിലുള്ള എല്ലാ ബസ്സുകളും ഇൻഷ്വർ ചെയ്യാൻ കഴിയുന്നില്ല.

കെ.എസ്.ആർ.ടി.സി. ബസ്സുകൾ മുഖാന്തിരം ഉണ്ടായിട്ടുള്ള റോഡപകടങ്ങളിൽ മരിച്ചവരുടെ ആശ്രിതർക്ക് കൊടുത്തു തീർക്കാനുള്ള നഷ്ടപരിഹാര തുക

136 (5356) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്.ആർ.ടി.സി. ബസ്സുകൾ മുഖാന്തിരം ഉണ്ടായിട്ടുള്ള റോഡപകടങ്ങളിൽ മരിച്ചവരുടെ ആശ്രിതർക്ക് 2006 മുതൽ 2009 വരെയുള്ള കാലയളവിൽ കൊടുത്തു തീർക്കാനുള്ള നഷ്ടപരിഹാര തുക എത്രയാണ് ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പ്രസ്തുത ഇനത്തിൽ എത്ര ബാദ്ധ്യതയുണ്ടായിരുന്നു ;

(സി) 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ പ്രസ്തുത ഇനത്തിൽ എത്ര തുക വീതം വിതരണം ചെയ്തുവെന്ന് അറിയിക്കുമോ ;

(ഡി) ഇപ്രകാരം ബസ്സപകടത്തിൽ മരിക്കുകയും പരിക്കേൽക്കുകയും ചെയ്തിട്ടുള്ളവർക്കും അവരുടെ ആശ്രിതർക്കും നൽകാൻ നിശ്ചയിച്ചിട്ടുള്ള നഷ്ട പരിഹാര തുക കാലവിളംബം കൂടാതെ കൊടുത്തു തീർക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2006-09 കാലയളവിൽ അപകടത്തിൽ പരിക്കേറ്റതും മരണപ്പെട്ടതും ഉൾപ്പെടെ 10088 എം. എ. സി. റ്റി. കേസ്സുകൾ വിവിധ കോടതികളുടെ പരിഗണനയിലാണ്. കോടതികൾ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ കൃത്യമായ തുക തിട്ടപ്പെട്ടുത്തുവാൻ സാധിക്കുകയുള്ളൂ.

(ബി) പലിശ അടക്കം 73.42 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു.

(സി) 2006-07 706.48 ലക്ഷം

2007-08 861.59 ലക്ഷം

2008-09 1167.07 ലക്ഷം

2009-2010 1455.01 ലക്ഷം

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly